കേരളാ വാട്ടർ ട്രാൻസ്പോർട്ട് കാർപ്പൊറേഷൻ വർക്ഷോപ്പ്.

* 208. [48] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വാട്ടർട്രാൻസ്പോർട്ട് കാർപ്പൊറേഷനു് ഒരു വർക്ഷോപ്പ് ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ വർക്ഷോപ്പ് സ്ഥാപിക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വാട്ടർ ട്രാൻസ്പോർട്ട് കാർപ്പൊറേഷൻ വക ബോട്ടുകൾ യഥാകാലം അറ്റകുറ്റപ്പണികൾ തീർക്കാൻ കഴിയാത്തതുകൊണ്ടു്, എണ്ണച്ചിലവു കൂടുന്നുണ്ടെന്നും, സർവ്വീസ് ക്രമമായി നടത്താൻ ബുദ്ധിമുട്ടുണ്ടെന്നും, പണച്ചിലവു് അധികരിച്ചു നഷ്ടം വരുന്നുവെന്നും തൊഴിലാളിസംഘടനകളിൽനിന്നു പരാതി കിട്ടിയിട്ടുണ്ടോ ;

(ഡി) ഈ ആവലാതികൾക്ക് എന്തു പരിഹാരനടപടികൾ സ്വീകരിച്ചു ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഇല്ല.

(ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി, ഡി) ചില പരാതികൾ കിട്ടിയിട്ടുണ്ടു്. സ്പെയർ പാർട്ടുകൾ മാറ്റി ശരിയാംവണ്ണം റിപ്പയറുകൾ ചെയ്യുന്നതിനാൽ എണ്ണച്ചിലവു് വളരെ കുറഞ്ഞിട്ടുണ്ടു്.

അന്ധബധിര വിദ്യാലയങ്ങൾ.

* 209. [49] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ അംഗവൈകല്യം സംഭവിച്ച കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ചുവരുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടു് ;

(ബി) അവയിൽ ഗവണ്മെൻറു നേരിട്ടു നടത്തുന്നവ എത്ര ; പ്രൈവറ്റു മാനേജ്മെൻറുകൾ നടത്തുന്നവ എത്ര ;

(സി) ഗവണ്മെൻറുവക സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു് ;

(ഡി) കണ്ടംകുളം അന്ധബധിരവിദ്യാലയത്തിലെ കുട്ടികൾ ഗവണ്മെൻറിലേക്ക് എന്തെങ്കിലും നിവേദനം അയച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണു് ആവശ്യപ്പെട്ടിരിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 8 (എട്ടു്) വിദ്യാലയങ്ങൾ ഉണ്ടു്.

(ബി) അഞ്ചു് ഗവണ്മെൻറു സ്കൂളുകളും മൂന്നു പ്രൈവറ്റു വിദ്യാലയങ്ങളും ആണു് ഉള്ളതു്. പ്രൈവറ്റു സ്കൂളുകളിൽ രണ്ടെണ്ണം ഗവണ്മെൻറിന്റെ അംഗീകാരം സിദ്ധിച്ചവയും, ഒന്നു് അംഗീകരിക്കപ്പെടാത്തതുമാണു്.

(സി) G. O. (Ms) No. 698/61/Edn., G. O. (Ms) No. 57/63/Edn., G. O. (Ms.) No. 610/63/Edn. എന്നീ ഉത്തരവുകളിൽ അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങളാണു് അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്കു് നൽകുന്നതു്. എല്ലാത്തരം ഫീസുകളിൽനിന്നും ഇവർക്കു് ഇളവു ലഭിക്കും. വികലാംഗരായ വിദ്യാർത്ഥികൾക്കായുള്ള എല്ലാ വിദ്യാലയങ്ങളും ബോർഡിംഗു് സ്കൂളുകളാണു്

LIBRARY ARCHIVES Kerala Legislative Assembly

മാസം ഇരുപത്തിയഞ്ചു് (25) രൂപവീതം ബോർഡിംഗ് അലവൻസ്, ആണ്ടിൽ ഇരുപതുരൂപവീതം ഡ്രസ് അലവൻസ് ഇവകൊണ്ടുപുറമേ വീടുകളിൽനിന്നും സ്കൂളുകളിലേക്കുള്ള യാത്രക്കൂലി, സ്കൂളിലേക്കാവശ്യമുള്ള ഉപകരണങ്ങളും വാങ്ങാൻ അലവൻസ് ഇവകൂടി 900 രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ള രക്ഷകർത്താക്കളുടെ കുട്ടികൾക്കു നൽകുന്നുണ്ടു്. ഇതിന്റെ പകുതി ആനുകൂല്യങ്ങളും 900 രൂപയും 2,400 രൂപയും ഇടക്കു് വാർഷികവരുമാനമുള്ള രക്ഷകർത്താക്കളുടെ കുട്ടികൾക്കു് ലഭിക്കും.

(ഡി) ഉണ്ടു്.

(ഈ) കുന്നംകുളം അന്ധ-ബധിര-മൂക വിദ്യാലയത്തിലെ കുട്ടികളും 1962–ൽ ഗവണ്മെന്റിനു സമർപ്പിച്ച നിവേദനത്തിലെ പ്രധാന അപേക്ഷകളും അവക്കു നൽകുന്ന ബോർഡിംഗ് അലവൻസുപയോഗിച്ചു് പരിചാരകക്കു് ശമ്പളം നൽകുന്ന ഏർപ്പാടു നിർത്തലാക്കണം, ആഴ്ചയിൽ രണ്ടുതവണ വൈദ്യപരിശോധന ഏർപ്പെടുത്തണം, ഹോസ്റ്റൽ റേഡിയോ നന്നാക്കണം, അവർക്കു കിട്ടാനുള്ള കുടിശ്ശിക അലവൻസ് താമസിയാതെ നൽകണം എന്നിവയായിരുന്നു. ഗവണ്മെന്റു് ഇവയ്ക്കൊക്കെ വേണ്ട ആശ്വാസനടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ടു്.

വിദ്യാർത്ഥികളും ഈയിടെ സമർപ്പിച്ച മറ്റൊരപേക്ഷയിൽ ബോർഡിംഗ് അലവൻസ് വർദ്ധിപ്പിക്കണമെന്നും ഹോസ്റ്റലിൽ കൂടുതൽ പരിചാരകരെ നിയമിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. ഈ അപേക്ഷയെപ്പറ്റി വിദ്യാഭ്യാസ ഡയറക്ടരുടെ അഭിപ്രായം ഗവണ്മെന്റു് ആരാഞ്ഞിരിക്കുകയാണു്.

ട്രാൻസ്പോർട്ട് ഉന്നതതല കമ്മിറ്റി.

* 210. [50] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഉന്നതതല കമ്മിറ്റി എന്നാണു് സംഘടിപ്പിച്ചതു് ; പ്രവർത്തനം എന്നാണു് ആരംഭിച്ചതു് ;

(ബി) ആ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞുവോ ;

(സി) പ്രസ്തുത കമ്മിറ്റിക്കു് വേണ്ടി ഒട്ടാകെ എത്ര ചെലവു വഹിക്കേണ്ടിവരും ;

(ഡി) കമ്മിറ്റിയിൽ ആരൊക്കെയുണ്ടു് ; എവിടെയെല്ലാം കമ്മിറ്റി തെളിവെടുക്കാൻ സഞ്ചരിച്ചു ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 30–7–1963–ൽ കമ്മിറ്റിയെ നിയമിച്ചു. ആഗസ്റ്റുമാസം ആദ്യവാരത്തിൽ പ്രവർത്തനം ആരംഭിച്ചു.

(ബി) ഇല്ല.

(സി) 48,000 ക.യോളം വേണ്ടിവരും.

(ഡി) ശ്രീ. കെ. സി. മാത്യു, റിട്ടയർഡു് ഡിസ്ട്രിക്റ്റു് ജഡ്ജു് ചെയർമാനും, ശ്രീ. ടി. ആർ. വേലുണ്ണി, റിട്ടയർഡു് ഡിസ്ട്രിക്റ്റു് മജിസ്ട്രേട്ടു്, ശ്രീ. ടി. കെ. ഗോപാലകൃഷ്ണപണിക്കർ, കോട്ടയം മുനിസിപ്പൽ ചെയർമാൻ എന്നിവർ മെംബർമാരും ആണു്. തെളിവെടുക്കുന്നതിനും മറ്റും കമ്മിറ്റി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, മൂന്നാർ, വണ്ടൻമേടു്, ബോഡിമേടു്, കുമിളി, വണ്ടിപ്പെരിയാർ, ആലുവാ, എറണാകുളം, തൃശ്ശൂർ, പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ, മൈസൂർ, മദ്രാസു്, ബോംബെ, മധുര മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly